നടത്തുന്നത്. റാങ്ക് ലിസ്റ്റ് അംഗീകരിക്കുന്നതോടൊപ്പം സംവരണം സംബന്ധിച്ച കാര്യവും സമിതി പരിശോധിക്കുന്നുണ്ട്. എൽ.ബി.എസ്. സെന്ററിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജിൽ സംവരണതത്വം പാലിച്ചു കൊണ്ടാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്. സംവരണതത്വം പാലിച്ചുകൊണ്ട് തയ്യാറാക്കുന്ന തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷമാണ് നിയമനം നടത്തുന്നത്. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കുവാൻ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സംഗീത നാടക അക്കാഡമി, കേരള സാഹിത്യഅക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ സേവനവേതന വ്യവസ്ഥ അനുസരിച്ച് നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ട്.

17 (*193) കോർപ്പറേറ്റ് ടാസ്ക്ക് ഫോഴ്സ്

ശ്രീ. എം. മുരളി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി ഒരു കോർപ്പറേറ്റ് ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിരുന്നോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) കമ്മിറ്റിയുടെ കർത്തവ്യങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ റിപ്പോർട്ട് ലഭിച്ചോ എന്നറിയിക്കുമോ;

(ഇ) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) രൂപീകരിച്ചിരുന്നു.

(ബി) പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കോർപ്പറേറ്റ് ഓഫീസിന്റെ ഘടന, പ്രവർത്തനം, അധികാര പരിധി, സാമ്പത്തിക അധികാരം മുതലായവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക, കോർപ്പറേറ്റ് ആഫീസിന്റെ സുഗമമായും ഫലപ്രദമായുമുള്ള നടത്തിപ്പിനുള്ള നടപടിക്രമങ്ങൾക്കായുള്ള നിർദ്ദേശം നൽകുക എന്നിവയായിരുന്നു കമ്മിറ്റിയുടെ കർത്തവ്യങ്ങൾ.

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ വിശദമായ പരിശോധനകൾക്കു വിധേയമാക്കി വരുന്നതേയുള്ളൂ.

1053/2010.

LIBRARY ARCHIVES Kerala Legislative Assembly

18 (*194) പവർകട്ട്

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പവർകട്ട് പൂർണ്ണമായും നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ ഇത് പൂർണ്ണമായി നിർത്തലാക്കും എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് ഇപ്പോൾ പവർകട്ട് നിലവിലില്ല.

(ബി) പ്രസക്തമല്ല.

19 (*195) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇതിനകം നടപ്പാക്കി തുടങ്ങിയിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനും, ഇവയുടെ സുഗമമായ പ്രവർത്തനത്തിനും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകൾക്ക് സർക്കാരിൽ നിന്നുള്ള ഗ്രാന്റ് യഥാസമയം ലഭിക്കാത്തതുമൂലം ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യവിതരണം തടസ്സപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തയ്യൽത്തൊഴിലാളികൾക്ക് ഇപ്രകാരം ആനുകൂല്യം വിതരണം മുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; സർക്കാരിന്റെയും സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും ഊർജ്ജിത പ്രവർത്തനം ഈ രംഗത്തുണ്ടാകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) നികുതി (സെസ്) പിരിച്ചെടുക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly